'ഭരണഭാഷ-മാതൃഭാഷ'


## പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

4-ാം നില, വികാസ് ഭവൻ, തിരുവനന്തപുരം-695 033

ഫോൺ: 0471-2304594, 0471-2303229. ഫാക്സ്: 0471-2302990. ഇ-മെയിൽ: keralatribes@gmail.com


നമ്പർ-B/B1/9761/2023/STDD    തീയതി: 19-08-2023.

# ലിമിറ്റഡ് ടെണ്ടർ നോട്ടീസ്

ഈ വർഷത്തെ ഓണാഘോഷത്തോടനുബന്ധിച്ച് സെപ്റ്റംബർ 2 നു സംഘടിപ്പിക്കുന്ന ഓണം ഘോഷയാത്രയിൽ പങ്കടുപ്പിക്കുന്നതിന് വകുപ്പിന്റെ നിർദ്ദേശങ്ങൾക്കും ആശയത്തിനുമനുസരിച്ച് ഫ്ളോട്ട് നിർമിച്ചു നൽകുന്നതിന് താത്പര്യമുള്ള സ്ഥാപനങ്ങൾ/വ്യക്തികളിൽ നിന്നും ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു. ''നിശ്ചയദാർഢ്യത്തോടെ തദ്ദേശീയ യുവത'' എന്ന ആശയത്തിലധിഷ്ടിതമായി പട്ടികവർഗജനവിഭാഗത്തിന്റെ ഉന്നതി പ്രകടമാക്കുന്ന 3D ഡയഗ്ര രൂപത്തിലുള്ള ഫ്ളോട്ടാണ് നിർമ്മിക്കേണ്ടത്. ആയതിന് പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പാക്കുന്ന ക്ഷേമ പ്രവർത്തനങ്ങളെ സംബന്ധിക്കുന്ന വകുപ്പിൽ നിന്നും നൽകുന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഒരു ഫ്ളോട്ട് തയ്യാറാക്കി ഓണം ഘോഷയാത്രയിൽ പ്രദർശിപ്പിക്കുന്നതിന് താൽപര്യമുള്ള ആർട്ടിസ്റ്റുകളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും ദർഘാസുകൾ ക്ഷണിച്ചു കൊള്ളുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന ക്ഷേമപ്രവർത്തനങ്ങൾ ആസ്പദമാക്കി തയ്യാറാക്കുന്ന ഫ്ളോട്ടിന്റെ രൂപരേഖ സഹിതമുള്ള ദർഘാസ് പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം എന്ന മേൽവിലാസത്തിൽ സമർപ്പിക്കേണ്ടതാണ്. ടെണ്ടർ ഫോം www.stddkerala.gov.in എന്ന വെബ്സൈറ്റിൽ നിന്നോ നേരിട്ടോ ലഭ്യമാകുന്നതാണ്. ടെണ്ടർ ഫോമിന്റെ വിലയായ 800 രൂപ ഓൺലൈനായി 0202-01-102-92-NP-Other Receipts എന്ന ശീർഷകത്തിലും 18% GST തുകയായ 144/- രൂപ GST വകുപ്പിലും ഒടുക്കി ചെലാൻ ഹാജരാക്കേണ്ടതാണ്.

1. അപേക്ഷകന്റെ പേരും മേൽവിലാസവും ഒപ്പം തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് :
2. മൊബൈൽ നമ്പർ :
3. ക്വാട്ട് ചെയ്യുന്ന തുക :
4. പ്രവർത്തി പരിചയം :

ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി : 21/08/23 11 AM

ടെണ്ടർ തുറക്കുന്ന തീയതി : 21/08/23 2 PM

ടെണ്ടർ വിലയായ 800+18% GST രൂപ ഓൺലൈനായി ഒടുക്കേണ്ടതാണ്.

EMD 10,000/- രൂപ

## നിബന്ധനകൾ

1. ഫ്ളോട്ട് നിർമ്മാണരംഗത്ത് കുറഞ്ഞത് 5 വർഷത്തെ മുൻപരിചയം ഉണ്ടായിരിക്കേണ്ട താണ്.
2. നിർമ്മാണത്തിന് മുൻകൂർ തുക അനുവദിക്കുന്നതല്ല.
3. ദർഘാസുകൾ Technical bid, Financial bid എന്നീ രണ്ടു തരത്തിൽ രണ്ടു കവറുകളി ലായി സമർപ്പിക്കേണ്ടതാണ്
4. Technical bid ൽ Design കൂടി ഉൾപ്പെടുത്തിയിരിക്കണം
5. Technical bid തുറന്നു പരിശോധനയ്ക്കു ശേഷം മാത്രമേ Financial Bid open ചെയ്യു കയുള്ളൂ.
6. നിശ്ചിത സമയത്തിന് ശേഷം ലഭിക്കുന്ന ദർഘാസുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.
7. ദർഘാസുകൾ 21/08/2023 ന് 11:00 മണി വരെ സ്വീകരിക്കും. അന്നേദിവസം 2:00 മണിക്ക് ഹാജരുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ ദർഘാസ് തുറക്കുന്നതും ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തിട്ടുള്ള കരാറുകാരന് വർക്ക് ഓർഡർ നൽകുന്നതുമാണ്.

ടെണ്ടർ സമർപ്പിക്കുന്ന കവറിനു പുറത്ത് **"ഫ്ളോട്ട് നിർമ്മാണം- ഓണാഘോഷം 2023"**'ഫ്ളോട്ട് നിർമ്മിക്കുന്നതിനുള്ള ടെണ്ടർ' എന്ന് രേഖപ്പെടുത്തണം. ടെണ്ടറിനോ ടൊപ്പം ആവശ്യപ്പെട്ടിട്ടുള്ള രേഖകൾ EMD എന്നിവ കൂടി സമർപ്പിക്കേണ്ടതാണ്. ടെണ്ടറുകൾ ഡയറക്ടർ പട്ടികവർഗ്ഗ വികസന വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപു രം-33 എന്ന മേൽ വിലാസത്തിൽ സമർപ്പിക്കാവുന്നതാണ്. ടെണ്ടറുകൾ സംബന്ധമായ എല്ലാ സർക്കാർ ഉത്തരവുകളും ഇതിനും ബാധകമായിരിക്കും.

ക്വട്ടേഷൻ സമർപ്പിക്കേണ്ട മേൽവിലാസം
ഡയറക്ടർ
പട്ടികവർഗ്ഗവികസന വകുപ്പ്
വികാസ്ഭവൻ
തിരുവനന്തപുരം-33

(ഒപ്പ്)
ഡയറക്ടർ

നോട്ടീസ് ബോർഡ്/വെബ്സൈറ്റ്
ഡയറക്ടർ PRD (പരസ്യത്തിന്)

ആജ്ഞാനുസരണം

സജു.എസ്
അസി.ഡയറക്ടർ (പബ്ലിസിറ്റി)

B1-19.08.23